**Desabhimani**

**22 August 2018**

**Thiruvananthapuram, After Flood, Relief, Special Lottery**

# ഫണ്ട് സ്വരൂപിക്കാൻ പ്രത്യേക ലോട്ടറി

**തിരുവനന്തപുരം**

പ്രളയക്കെടുതി നേരിടുന്നതിനും കേരളത്തിന്റെ പുനർനിർമാണത്തിനും പണം സമാഹരിക്കുന്നതിന് പ്രത്യേക ലോട്ടറി ആരംഭിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

അധിക വിഭവസമാഹരണത്തിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാന ജിഎസ്ടി തുകയ്ക്കു മേൽ 10 ശതമാനം സെസ് ചുമത്താൻ അനുവദിക്കണമെന്ന് ജിഎസ്ടി കൗൺസിലിനോട് ആവശ്യപ്പെടും.

ഇതരസംസ്ഥാനങ്ങളും സന്നദ്ധസംഘടനകളും വ്യക്തികളും ദുരിതാശ്വാസനിധിയിലേക്കുള്ള ഫണ്ടിനു പുറമെ നൽകുന്ന സാധനസാമഗ്രികൾ വ്യക്തമായ വ്യവസ്ഥയോടെ സ്വീകരിക്കാനും അവ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യാനും തീരുമാനിച്ചു. തികയാത്ത സാധനങ്ങൾ സംസ്ഥാന ദുരന്തനിവാരണ ഫണ്ട് ഉപയോഗിച്ച് ലഭ്യമാക്കും.